# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2470 20/06/2012 ൽ മറുപടിയ്ക്ക്

## പട്ടിക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടിക സമുദായത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് ഇ -ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത വിദ്യാഭ്യാസാനുകൂല്യ വിതരണ പദ്ധതിയിലൂടെ അർഹമായ ആനുകൂല്യങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖകൾ വഴി ez-pay card ഉപയോഗിച്ച് ബാങ്കുകളിലെ ATM കൗണ്ടറുകൾ വഴി തുക പിൻവലിക്കാൻ കഴിയുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഫീസ് സ്ഥാപനം നേരിട്ട് ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നു. പ്രീമെട്രിക് തലത്തിൽ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്കൂൾ മേധാവി മുഖേന പണമായി നൽകുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലെങ്കിലും, അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | ഇ -ഗ്രാന്റ്സ് സംവിധാനത്തിലൂടെ സുതാര്യമായി വിദ്യാഭ്യാസ ആനുകൂല്യം സമയബന്ധിതമായി വിതരണം ചെയ്യുന്നുണ്ട്. ഇ -ഗ്രാന്റ്സ് പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ മുഴുവൻ പോസ്റ്റ് മെട്രിക് കോഴ്സുകൾക്കും ബാധകമാക്കിയിട്ടുണ്ട്. അപേക്ഷകൾ ആദ്യ വർഷം അക്ഷയ കേന്ദ്രങ്ങൾ മുഖേന ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിന് ez-pay card സംവിധാനവും നിലവിലുണ്ട്. രണ്ടാം വർഷം മുതൽ ക്ലാസ്സ് ആരംഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ